LIBRARY ARCHIVES Kerala Legislative Assembly

യൂണിസെഫിന്റെ സഹായത്തോടെ സർക്കാർ യു. പി. സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

223 [367] ശ്രീ. റോഷി അഗസ്റ്റിൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിസെഫിന്റെ സഹായത്തോടെ സർക്കാർ യു. പി. സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം ജില്ലകളാണ് ഈ പദ്ധതിയിൻകീഴിൽ വരുന്നത്;

(ഡി) പിന്നോക്ക ജില്ലകളിലെ സർക്കാർ സ്കൂളുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വയനാട് ജില്ലയിലെ 33 ഗവൺമെന്റ് യു.പി. സ്കൂളുകളേയും കോട്ടയം ജില്ലയിലെ 64 ഗവൺമെന്റ് യു.പി. സ്കൂളുകളേയും മലപ്പുറം ജില്ലയിലെ 101 ഗവൺമെന്റ് യു.പി. സ്കൂളുകളേയും പദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിട്ടുണ്ട്.

(സി) കോട്ടയം, മലപ്പുറം, വയനാട് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ഉൾപ്പെടുന്നുണ്ട്. പിന്നോക്ക ജില്ലകളായ വയനാട്, മലപ്പുറം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് യൂണിസെഫിന്റെ തീരുമാനത്തിന് വിധേയമായിട്ടാണ്.

മലയാളം ഭരണഭാഷയായി സ്വീകരിച്ചിട്ടുള്ള വകുപ്പുകൾ

224[368] ശ്രീ. എം. മുരളി:

„ ഡി. സുഗതൻ:

„ വി. ഡി. സതീശൻ:

„ ഇ. എം. അഗസ്തി:

„ എം. പി ഗംഗാധരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ഭരണഭാഷയായി മലയാളം സ്വീകരിച്ചിട്ടുണ്ട്;

(ബി) മലയാളം ഭരണഭാഷയായി സ്വീകരിച്ചിട്ടുള്ള വകുപ്പുകളിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് അത് ഉപയോഗിക്കുന്നത്;

(സി) എത്ര കാലത്തിനുള്ളിൽ എല്ലാ വകുപ്പുകളിലും മലയാളം ഭരണഭാഷയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 68 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള പിന്നോക്ക വിഭാഗ കമ്മിഷൻ, കേരള വനിതാ കമ്മിഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ എന്നീ അഞ്ചു സ്വയംഭരണ സ്ഥാപനങ്ങളിലും മലയാളം ഭരണ ഭാഷയാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധത്തിൽ കാണാവുന്നതാണ്. †

(ബി) കേന്ദ്ര സർക്കാർ അന്യസംസ്ഥാനങ്ങൾ, സംസ്ഥാനത്തിനകത്തുള്ള കേന്ദ്രസർക്കാർ ഓഫീസുകൾ, കോടതി, തമിഴ്, കന്നട, ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിങ്ങനെ നിയമപരമായി ഇംഗ്ലീഷോ ന്യൂനപക്ഷ ഭാഷകളോ ഉപയോഗിക്കേണ്ട സംഗതികളൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതു നിർബന്ധമാക്കിയിട്ടുണ്ട്.

(സി) കഴിയുന്നതും വേഗം എല്ലാ വകുപ്പുകളിലും ഭരണഭാഷ മലയാളമാക്കാനാണ് തീരുമാനം. ഇതു സംബന്ധിച്ച് പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

എസ്. എസ്. എൽ. സി. പരീക്ഷാ കേന്ദ്രങ്ങളിലെ ഇൻവിജിലേറ്റർ നിയമനം

225[369] ശ്രീമതി മാലേത്ത് സരളാദേവി:

„ എൻ. ശക്തൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. പി. ടി. തോമസ്:

„ ടി. വി. ചന്ദ്രമോഹൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് അവർ ജോലി ചെയ്യുന്ന സ്കൂളിലെ അദ്ധ്യാപകരെ അവിടെത്തന്നെ ഇൻവിജിലേറ്ററായി നിയമിക്കരുതെന്ന് വ്യവസ്ഥയുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly